(ഡി) ഉച്ചഭക്ഷണ വിതരണം നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കടിശ്ശിക ഇനത്തിൽ 2014-15 വരെ ഒരു തുകയും കൊടുത്തു തീർക്കാനില്ല.

അദ്ധ്യാപക പാക്കേജ്

71 (3801) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട്, അദ്ധ്യാപക സംഘടനകളുമായുള്ള ചർച്ചയുടെ ശേഷം തീരുമാനങ്ങളെന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന താല്പര്യം ഇക്കാര്യത്തിൽ സംരക്ഷിക്കുന്നതോടൊപ്പം, അദ്ധ്യാപകരുടെ ആവശ്യങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള തീരുമാനം എത്രയുംവേഗം കൈക്കൊള്ളുമോ ?

ഉത്തരം

(എ-സി) 1-10-2011-ലെ ജി.ഒ. (പി)199/11/പൊ.വി.വ. പ്രകാരമുള്ള അദ്ധ്യാപക പാക്കേജ് പിൻവലിക്കാനും 2015-16 മുതൽ തസ്തികനിർണ്ണയം 1:45-ൽ നടത്തുവാനും 2011-12 മുതൽ 2014-15 വരെ നിയമിതരായ റഗുലർ തസ്തികകളിലുള്ളവർക്ക് 1:30/1:35 അനുപാതത്തിൽ നിയമനാംഗീകാരം നൽകാനും അധികമാകുന്ന റഗുലർ അദ്ധ്യാപകർക്കും അദ്ധ്യാപക ബാങ്കിലുൾപ്പെട്ടവർക്കും സംരക്ഷണം നൽകുവാനും തീരുമാനമായിട്ടുണ്ട്.

അദ്ധ്യാപക പാക്കേജ്

72 (3802) ശ്രീ. മല്ലുക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്ന കാര്യത്തിൽ ഭരണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പാക്കേജ് എന്ന് പ്രാബല്യത്തിൽ വരും; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

1-10-2011-ലെ ജി.ഒ.(പി)199/11/പൊ.വി.വ. പ്രകാരമുള്ള അദ്ധ്യാപക പാക്കേജ് പിൻവലിക്കാനും 2015-16 മുതൽ തസ്തികനിർണ്ണയം 1:45-ൽ നടത്തുവാനും 2011-12 മുതൽ 2014-15 വരെ റഗുലർ തസ്തികകളിൽ നിയമിച്ചവരെ

LIBRARY ARCHIVES Kerala Legislative Assembly